പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T. 5418 | 28.7.2015-ൽ മറുപടിക്ക്

## പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ് എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ.റ്റി.ജോർജ്ജ്. | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) | മലിനജലവും, ജൈവമാലിന്യവും പരിസ്ഥിതിക്കും മനുഷ്യനും ഹാനികര മല്ലാത്ത രീതിയിൽ കുറഞ്ഞ ചെലവിൽ സംസ്കരിക്കുന്നതിനുള്ള "പ്രസന്നൻസ് ഇക്കോ ബയോസിസ്റ്റംസ്" എന്ന തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംസ്കരണ പ്ലാന്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റംസ് എന്ന ഖരദ്രവ മാലിന്യ സംസ്കരണ സംവിധാനം സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | വിവിധ സർക്കാർ ഏജൻസികളും ശുചിത്വമിഷനും പ്രസ്തുത പ്ലാന്റുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഈ സംവിധാനത്തിന്റെ ഫീൽഡ് തല പരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയുള്ള പൂർണ്ണമായ സാങ്കേതികവിവരങ്ങൾ, രേഖകൾ എന്നിവ ഇതുവരെയും ലഭ്യമായിട്ടില്ല. |
| (സി) | ചെലവു കുറഞ്ഞ ഇത്തരം തദ്ദേശീയ പ്രോജക്ടുകൾ വ്യാപകമായി നടപ്പാക്കുന്ന കാര്യം അടിയന്തിരമായി പരിശോധിക്കുമോ? | (സി) | വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ